**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1178** **18-09-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കൂടാതെ കെട്ടിടത്തിന്റെ പ്രത്യേകത കൂടി പരിഗണിച്ച് ശുദ്ധജലത്തിന്റെ താരിഫ് കണക്കാക്കാൻ ജല അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) | കെട്ടിടത്തിന്റെ പ്രത്യേകത (ഓടിട്ട കെട്ടിടങ്ങൾ, വാർക്ക കെട്ടിടങ്ങൾ, പുതിയ കെട്ടിടങ്ങൾ, പഴയ കെട്ടിടങ്ങൾ തുടങ്ങിയ) പരിഗണിച്ച് ശുദ്ധജലത്തിന്റെ താരിഫ് കണക്കാക്കാൻ ജല അതോറിറ്റി തീരുമാനിച്ചിട്ടില്ല. |
| (ബി) | മേൽപ്പറഞ്ഞ പ്രകാരം താരിഫ് നിശ്ചയിക്കുമ്പോൾ കുടിവെള്ള ചാർജിൽ വലിയ വർദ്ധനവ് ഉണ്ടാകുന്നത് സാധാരണക്കാരെ ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | കെട്ടിടത്തിന്റെ പ്രത്യേകത (ഓടിട്ട കെട്ടിടങ്ങൾ, വാർക്ക കെട്ടിടങ്ങൾ, പുതിയ കെട്ടിടങ്ങൾ, പഴയ കെട്ടിടങ്ങൾ തുടങ്ങിയ) പരിഗണിച്ച് ശുദ്ധജലത്തിന്റെ താരിഫ് കണക്കാക്കാൻ ജല അതോറിറ്റി തീരുമാനിച്ചിട്ടില്ല. |
| (സി) | തുടർച്ചയായ കുടിവെള്ള ചാർജ് വർദ്ധനവിൽ പ്രതിസന്ധി അനുഭവിക്കുന്ന ജനങ്ങൾക്ക് കൂടുതൽ ഭാരം നൽകുന്ന പ്രസ്തുത പരിഷ്കരണത്തിൽ നിന്ന് പിന്മാറുവാൻ സർക്കാർ തയ്യാറാകുമോ വിശദാംശം വ്യക്തമാക്കുമോ? | (സി) | കെട്ടിടത്തിന്റെ പ്രത്യേകത (ഓടിട്ട കെട്ടിടങ്ങൾ, വാർക്ക കെട്ടിടങ്ങൾ, പുതിയ കെട്ടിടങ്ങൾ, പഴയ കെട്ടിടങ്ങൾ തുടങ്ങിയ) പരിഗണിച്ച് ശുദ്ധജലത്തിന്റെ താരിഫ് കണക്കാക്കാൻ ജല അതോറിറ്റി തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ